# എബ്രായലേഖനത്തിന്റെ ജീവ-പഠനം

ദൂത് നാല്പത്തെട്ട്

## വിശ്വാസത്തിന്റെ ചരിത്രവും അതിന്റെ സാക്ഷികളും

എബ്രായർ 11 വിശ്വാസത്തെയും അതിന്റെ ചരിത്രത്തെയും കുറിച്ചുള്ള ഒരു അധ്യായമാണ്. വിശ്വാസമാണ് ദൈവത്തിന്റെ അന്വേഷകർക്ക് അവന്റെ വാഗ്ദത്തം പ്രാപിക്കുവാനും അവന്റെ വഴി എടുക്കുവാനുമുള്ള നിസ്തുലമായ പാതയെന്ന് തെളിയിക്കുന്നതിന് 3 മുതൽ 40 വരെയുള്ള വാക്യങ്ങൾ—ദൈവത്തിന്റെ സൃഷ്ടിപ്പിൽ തുടങ്ങി, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ സകല തലമുറകളിലൂടെ, സകല പുതിയനിയമ വിശ്വാസികളിലേക്കും, നിത്യതയിൽ പുതിയ യെരൂശലേമിൽ പരിണമിക്കുന്ന—വിശ്വാസത്തിന്റെ ഒരു ഹ്രസ്വ ചരിത്രം അവതരിപ്പിക്കുന്നു. ഈ അധ്യായത്തിന്റെ രചനയെ പരിശുദ്ധാത്മാവ് പ്രചോദിപ്പിച്ചപ്പോൾ, ഇങ്ങനെയുള്ള ഒരു വീക്ഷണം തീർച്ചയായും അവന് ഉണ്ടായിരുന്നു. ഈ വിശ്വാസചരിത്രത്തിൽ ഉൾപ്പെട്ടിരിക്കുന്ന ഓരോരുത്തനും ഒരു സാക്ഷിയായിരുന്നു. ഇക്കാരണത്താൽ, എബ്രായർ 11 വിശ്വാസത്തെയും അതിന്റെ ചരിത്രത്തെയുംകുറിച്ചുള്ള ഒരു അധ്യായം മാത്രമല്ല, അതിന്റെ സാക്ഷികളുമുള്ള ഒരു അധ്യായമാണ്. ഇവിടെ "സാക്ഷി" എന്ന പദം സാക്ഷ്യപ്പെടുത്തുന്ന വ്യക്തിയെയാണ് പരാമർശിക്കുന്നത്, സാക്ഷ്യത്തെയല്ല. യവനഭാഷയിൽ, സാക്ഷി എന്നതിനുള്ള പദം രക്തസാക്ഷി എന്നതിനുള്ള അതേ പദമാണ്. ഓരോ സാക്ഷിയും വിശ്വാസത്തിന്റെ സാക്ഷ്യത്തിനുവേണ്ടി രക്തസാക്ഷിത്വം സഹിക്കുന്ന ഒരു രക്തസാക്ഷിയാണ്. ഈ അധ്യായത്തിൽ നാം നിരവധി രക്തസാക്ഷികളെക്കുറിച്ച് വായിക്കുന്നു (വാ. 32-39). ചിലർ കല്ലെറിയപ്പെടുകയും മറ്റു ചിലർ രണ്ടായി അറുക്കപ്പെടുകയും ചെയ്തു. ഈ ദൂതിൽ വിശ്വാസത്തിന്റെ ചരിത്രത്തെ നാം പരിഗണിക്കും, പ്രത്യേകിച്ചും നമ്മോട് വളരെയധികം ബന്ധപ്പെട്ടിരിക്കുന്ന ഈ ചരിത്രത്തിന്റെ പരിണതിയിൽ ശ്രദ്ധ കേന്ദ്രീകരിക്കും.

## I. ദൈവത്തിന്റെ വചനത്താൽ പ്രപഞ്ചം നിർമിക്കപ്പെട്ടു എന്ന് മനസ്സിലാക്കുന്നതിൽ

വാക്യം 3 പറയുന്നു, "വിശ്വാസത്താൽ, പ്രപഞ്ചം

ദൈവവചനത്താൽ നിർമിക്കപ്പെട്ടു എന്ന് നാം മനസ്സിലാക്കുന്നു, അങ്ങനെ ദൃശ്യമായത് പ്രത്യക്ഷമായവയിൽ നിന്നല്ല ഉളവായിരിക്കുന്നത്." പ്രപഞ്ചം എങ്ങനെ നിർമിക്കപ്പെട്ടു എന്നു പഠിക്കുന്നതിന് പണ്ഡിതന്മാർ വളരെയധികം സമയം ചിലവഴിച്ചിട്ടുണ്ട്. ഇതിനെ സംബന്ധിച്ച അവരുടെയെല്ലാം നിഗമനങ്ങൾ അസംബന്ധമാണ്. പ്രപഞ്ചം നിർമിക്കപ്പെട്ടത് ദൈവത്തിന്റെ വചനത്താലായിരുന്നു. ദൈവം സംസാരിക്കുകയും, അത് നിലവിൽ വരുകയും ചെയ്തു. നമ്മുടെ പഞ്ചേന്ദ്രിയങ്ങളാൽ ഇത് നമുക്കറിയില്ല; ഇത് നാം വിശ്വാസത്താൽ, നമ്മുടെ സാരാംശീകരിക്കുന്ന ഇന്ദ്രിയത്താൽ അറിയുന്നു.

## II. ശ്രേഷ്ഠതയേറിയ യാഗം അർപ്പിച്ച ഹാബെലിൽ

വാക്യം 4 പറയുന്നു, "വിശ്വാസത്താൽ ഹാബെൽ, ദൈവത്തിന് കയീനെക്കാൾ ശ്രേഷ്ഠതയേറിയ യാഗം അർപ്പിച്ചു, ദൈവം അവന്റെ ഉപഹാരങ്ങൾക്ക് സാക്ഷ്യം പറഞ്ഞുകൊണ്ട്, അതിലൂടെ അവൻ നീതിമാൻ ആകുന്നു എന്ന സാക്ഷ്യം പ്രാപിച്ചു; അവൻ മരിച്ചുവെങ്കിലും, വിശ്വാസം മുഖാന്തരം ഇപ്പോഴും സംസാരിക്കുന്നു." മുൻകുറിശാസ്ത്രമനുസരിച്ച്, ഹാബെലിന്റെ ശ്രേഷ്ഠതയേറിയ യാഗം, യഥാർഥ "മേന്മയേറിയ യാഗങ്ങൾ" (9:23) ആയ ക്രിസ്തുവിന്റെ ഒരു മുൻകുറിയായിരുന്നു. നമ്മുടെ എബ്രായലേഖന വായനയിൽ, ക്രിസ്തു മാത്രമാണ് ശ്രേഷ്ഠതയേറിയ യാഗമെന്ന് നമുക്ക് കാണുവാൻ കഴിയും. വിശ്വാസത്താൽ, ഹാബെൽ അങ്ങനെയുള്ള ഒരു യാഗത്തിന്റെ മുൻകുറി അർപ്പിച്ചു.

## III. മരണം കാണുന്നതിൽനിന്നും മാറ്റപ്പെട്ട ഹാനോക്കിൽ

വാക്യം 5 പറയുന്നു, "വിശ്വാസത്താൽ ഹാനോക്, താൻ മരണം കാണാതിരിക്കുവാൻ തക്കവണ്ണം മാറ്റപ്പെട്ടു; ദൈവം അവനെ മാറ്റിയതിനാൽ അവനെ കണ്ടില്ല. മാറ്റപ്പെടുന്നതിനു മുമ്പ് അവൻ ദൈവത്തിന് സുപ്രസാദമുള്ളവൻ എന്ന സാക്ഷ്യം പ്രാപിച്ചു." ഹാനോക്ക് മരണത്തിൽനിന്നു മാത്രമല്ല, മരണം കാണുന്നതിൽനിന്നും മാറ്റപ്പെട്ടു.

## IV. രക്ഷെക്കായി ഒരു പെട്ടകമൊരുക്കുന്ന നോഹയിൽ

വാക്യം 7 പറയുന്നു, "വിശ്വാസത്താൽ നോഹ, അതുവരെ കാണാത്ത കാര്യങ്ങളെക്കുറിച്ച് ദിവ്യനിർദേശം ലഭിച്ചിട്ട് ഭയഭക്തി പൂണ്ട്, തന്റെ ഭവനത്തിന്റെ രക്ഷെയ്ക്കായി ഒരു പെട്ടകം തയ്യാറാക്കി, അതിലൂടെ അവൻ ലോകത്തെ കുറ്റം വിധിക്കുകയും, വിശ്വാസപ്രകാരമുള്ള നീതിയുടെ അവകാശിയായിത്തീരുകയും ചെയ്തു." നോഹയുടെ സാഹചര്യം നോക്കുക: വരാനിരിക്കുന്ന വെള്ളപ്പൊക്കത്തെ മുൻകണ്ടുകൊണ്ട് അവൻ

ഒരു പെട്ടകം പണിയുമ്പോൾ ആരും അവനെ വിശ്വസിച്ചില്ല. ആകാശം തെളിഞ്ഞതായിരുന്നു, അതിനാൽ പ്രളയം വരുമെന്ന് ആരും പ്രതീക്ഷിച്ചില്ല. എന്നിരുന്നാലും, വരാനിരുന്ന പ്രളയത്തെ വിശ്വാസത്താൽ സാരാംശീകരിച്ചുകൊണ്ട് നോഹ പെട്ടകം പണിതു.

## V. അബ്രാഹാമിൽ

അബ്രാഹാം വിശ്വാസത്തിന്റെ പിതാവ് എന്നു വിളിക്കപ്പെട്ടിരിക്കുന്നു. വാഗ്ദത്ത ദേശത്ത് ഒരു പരദേശിയായി പാർത്തുകൊണ്ട് തന്റെ ജന്മദേശം വിട്ടുപോകാനുള്ള ദൈവത്തിന്റെ വിളിയെ അവൻ വിശ്വാസത്താൽ അനുസരിച്ചു (വാ. 8-9). "എവിടേക്കു പോകുന്നു എന്നറിയാതെ" അബ്രാഹാം ദൈവത്തെ അനുസരിക്കുകയും കൽദയയിൽനിന്ന് പുറപ്പെട്ടുപോകുകയും ചെയ്തു. തന്റെ ഭൂപടമായി ദൈവത്തിന്റെ സാന്നിധ്യത്തെ എടുത്തുകൊണ്ട് ദൈവത്തിന്റെ തൽസമയ നടത്തിപ്പിനുവേണ്ടി ദൈവത്തിൽ ആശ്രയിക്കുന്നതിന് അവന്റെ വിശ്വാസത്തെ പ്രയോഗിക്കുവാൻ ഇത് അവന് നിരന്തരമായ അവസരം നൽകി. വിശ്വാസത്താൽ അബ്രാഹാം "ദൈവം ശിൽപ്പിയും നിർമാതാവുമായ, അടിസ്ഥാനങ്ങളുള്ള നഗരത്തിനായി, അവൻ ആകാംക്ഷയോടെ കാത്തിരുന്നു" എന്ന് വാക്യം 10 പറയുന്നു. ഇത് തന്റെ ജനത്തിനുവേണ്ടി ദൈവം ഒരുക്കിയിരിക്കുന്ന (വാ. 16) "ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗീയ യെരൂശലേമും" (12:22), "മീതെയുള്ള യെരൂശലേമും" (ഗലാ. 4:26), "പുതിയ യെരൂശലേം എന്ന വിശുദ്ധനഗരവും" (വെളി 21:2; 3:12), നിത്യതയോളം ദൈവം മനുഷ്യരോടുകൂടെ വസിക്കുന്ന "ദൈവത്തിന്റെ കൂടാരവും" (വെളി. 21:3) ആണ്. പൂർവപിതാക്കന്മാർ ഈ നഗരത്തിനുവേണ്ടി കാത്തിരുന്നതുപോലെ, നാമും അതിനെ അന്വേഷിക്കുന്നു (13:14).

യിസ്ഹാക്കിനെ അർപ്പിക്കുന്നതിലും അബ്രാഹാം വിശ്വാസത്താൽ പ്രവർത്തിച്ചു, "മരിച്ചവരിൽ നിന്നുപോലും ദൈവത്തിന് മനുഷ്യരെ ഉയിർത്തുവാൻ കഴിയും എന്ന് എണ്ണിയിട്ട്, പ്രതിരൂപമായി അവനെ അതിൽനിന്ന് തിരികെ പ്രാപിക്കുകയും ചെയ്തു" (വാ. 17-19). അബ്രാഹാമിനെ പരാമർശിച്ചുകൊണ്ട് വാക്യം 12 പറയുന്നു, " അതുകൊണ്ട് ഒരുവനിൽ നിന്ന്, അതും മരിച്ചവനായിത്തീർന്നവനിൽ നിന്ന്, പെരുപ്പത്തിൽ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽക്കരയിലെ എണ്ണിക്കൂടാത്ത മണൽ പോലെയും അത്രയും പേർ ജനിച്ചു." ആകാശത്തിലെ നക്ഷത്രങ്ങൾ അബ്രാഹാമിന്റെ സ്വർഗീയ സന്തതികളെ, വിശ്വാസത്തിന്റെ സന്തതികളെ സൂചിപ്പിക്കുന്നു (ഗലാ. 3:7, 19); അതേസമയം "കടൽക്കരയിലെ മണൽ" അവന്റെ ഭൗമിക സന്തതികളെ, ജഡത്തിലുള്ള സന്തതികളെ സൂചിപ്പിക്കുന്നു.

അബ്രാഹാമിനെയും മറ്റ് പൂർവപിതാക്കന്മാരെയുംകുറിച്ചു സംസാരിക്കുന്ന വാക്യം 13 പറയുന്നു, "ഇവർ എല്ലാവരും വാഗ്ദത്തങ്ങൾ പ്രാപിക്കാതെ, ദൂരത്തുനിന്ന് അവയെ കണ്ടും, അവയെ സന്തോഷത്തോടെ അഭിവന്ദിച്ചും, ഭൂമിയിൽ അവർ അന്യരും പരദേശികളും ആയിരുന്നു എന്ന് ഏറ്റുപറഞ്ഞും വിശ്വാസത്തിൽ മരിച്ചു." "പരദേശികൾ" എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്ന യവനപദത്തെ "തീർത്ഥാടകർ", "രാജ്യഭ്രഷ്ടർ", "പ്രവാസികൾ" എന്നെല്ലാം വിവർത്തനം ചെയ്യാം. അബ്രാഹാമായിരുന്നു ശാപത്തിന്റെ വിഗ്രഹദേശമായ കൽദയ ഉപേക്ഷിച്ച് പ്രളയത്തെ, പെരാരാത്തുനദി അഥവാ യൂഫ്രട്ടീസ് നദി കടന്ന് (യോശു. 24:2-3) അനുഗ്രഹങ്ങളുടെ നല്ലദേശമായ കനാനിലേക്കു വന്ന ആദ്യത്തെ എബ്രായൻ. എങ്കിലും അവൻ അവിടെ സ്ഥിരതാമസമാക്കിയില്ല; പകരം, അവൻ ഒരു തീർത്ഥാടകനായി, ഒരു രാജ്യഭ്രഷ്ടനും ഒരു പ്രവാസിയുമെന്നപോലെ, സ്വന്തമായി ഒരു ദേശം അന്വേഷിച്ചുകൊണ്ട് (വാ.14), മേന്മയേറിയ ഒരു ദേശത്തെ, അതായത്, സ്വർഗീയമായ ഒന്നിനെ വാഞ്ഛിച്ചുകൊണ്ട് (വാ.16) വാഗ്ദത്തദേശത്തിൽ ഒരു പരദേശിയായി പാർത്തു. ഭൗമിക വശത്തുനിന്നും സ്വർഗീയ വശത്തേക്ക് മറ്റൊരു നദി മുറിച്ചുകടക്കുവാൻ അവൻ ഒരുക്കമുള്ളവനായിരുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഭൂമിയിൽ അന്യരും പരദേശികളുമായി ജീവിക്കുകയും, ദൈവം നിർമിച്ച അടിസ്ഥാനങ്ങളുള്ള നഗരത്തിനായി കാത്തിരുന്നുകൊണ്ട് (വാ. 10) യിസ്ഹാക്കും യാക്കോബും അതേ ചുവടുകളിൽ അവനെ അനുഗമിച്ചു. യഥാർഥ എബ്രായരെന്ന നിലയിൽ, തങ്ങളെ ഭൂമിയിൽ അന്യരും പരദേശികളുമായി കണക്കാക്കിക്കൊണ്ടും, ഭൗമികമായതിനെക്കാൾ മേന്മയേറിയ സ്വർഗീയ രാജ്യത്തിനായി പ്രതീക്ഷിച്ചുകൊണ്ടും, തങ്ങളുടെ പൂർവപിതാക്കന്മാരെ അനുഗമിക്കണമെന്ന വസ്തുതയാൽ, വിശ്വസിക്കുന്നവരായ എബ്രായരെ സ്വാധീനിക്കുവാൻ ഈ പുസ്തകത്തിന്റെ എഴുത്തുകാരൻ ഉദ്ദേശിച്ചു എന്നായിരിക്കാം 9 മുതൽ 16 വരെയുള്ള വചനം സൂചിപ്പിക്കുന്നത്.

## VI. സന്തതിയെ ഗർഭംധരിച്ച സാറയിൽ

വാക്യം 11 പറയുന്നു, "വിശ്വാസത്താൽ സാറായും, വാഗ്ദത്തം ചെയ്തവൻ വിശ്വസ്തൻ എന്ന് കരുതിയതിനാൽ, പ്രായത്തിന്റെ കാലത്തിന് അപ്പുറവും, സന്തതിയെ ഗർഭം ധരിക്കുവാൻ ശക്തി ലഭിച്ചു." സാറ പ്രായംചെന്നവളായിത്തീർന്നതിനാൽ അവളുടെ പ്രവർത്തനം നിന്നുപോയിരുന്നു; എങ്കിലും അവളുടെ സാഹചര്യത്തിന്റെ മധ്യത്തിലും അവൾ ദൈവത്തിന്റെ വചനത്തിൽ വിശ്വസിച്ചു.

## VII. യാക്കോബിനെയും ഏശാവിനെയും അനുഗ്രഹിച്ച യിസ്ഹാക്കിൽ

വാക്യം 20 പറയുന്നു, "വിശ്വാസത്താൽ യിസ്ഹാക്, യാക്കോബിനെയും ഏശാവിനെയും വരുവാനുള്ള കാര്യങ്ങളെ സംബന്ധിച്ചുപോലും അനുഗ്രഹിച്ചു." നിങ്ങൾ യിസ്ഹാക്കിന്റെ ചരിത്രം വായിച്ചാൽ, അവൻ ഒരു മിടുക്കനായ മനുഷ്യനായിരുന്നില്ലെന്ന് നിങ്ങൾ കാണും; അവൻ വളരെ സാധാരണക്കാരനായിരുന്നു, അവനിൽ സവിശേഷമായ യാതൊന്നും ഇല്ലായിരുന്നു. എങ്കിലും, അവൻ ആശ്ചര്യകരമായ ചിലത് ചെയ്തു—അവൻ തന്റെ രണ്ട് പുത്രന്മാരായ യാക്കോബിനെയും ഏശാവിനെയും അനുഗ്രഹിച്ചു. യിസ്ഹാക് അവരെ അന്ധമായി അനുഗ്രഹിച്ചുവെങ്കിലും അവൻ അത് വിശ്വാസത്തിൽ ചെയ്തു.

## VIII. യാക്കോബിൽ

വാക്യം 21 പറയുന്നു, "വിശ്വാസത്താൽ യാക്കോബ്, അവൻ മരിച്ചുകൊണ്ടിരിക്കുമ്പോൾ, യോസേഫിന്റെ പുത്രന്മാരിൽ ഓരോരുത്തനെയും അനുഗ്രഹിച്ചു." യാക്കോബ് യോസേഫിന്റെ പുത്രന്മാരെ അനുഗ്രഹിച്ചപ്പോൾ, അവൻ അത് വിശ്വാസത്താൽ മാത്രമല്ല, വളരെ വ്യക്തമായ കാഴ്ചയോടുകൂടെ ചെയ്തു. അവന്റെ ഉൾക്കാഴ്ച അത്യന്തം വ്യക്തമായിരുന്നു. യാക്കോബിന്റെ വലതുകൈ ആദ്യജാതനായ മനശ്ശെയുടെമേൽ വയ്ക്കുന്നതിനുപകരം എഫ്രയീമിന്റെമേൽ വച്ചതിൽ അതൃപ്തനായ യോസേഫ് കൈകൾ മാറ്റുവാൻ ശ്രമിച്ചപ്പോൾ, യാക്കോബ് നിരസിക്കുകയും, "എനിക്കറിയാം, മകനേ, എനിക്കറിയാം" എന്നു പറയുകയും ചെയ്തു (ഉല്പ. 48:15-19). താൻ എന്താണ് ചെയ്യുന്നതെന്ന് യാക്കോബ് അറിയുകയും വിശ്വാസത്താൽ യോസേഫിന്റെ മകനെ അനുഗ്രഹിക്കുകയും ചെയ്തു.

യാക്കോബ് "തന്റെ വടിയിന്മേൽ ചാരിക്കൊണ്ട് ആരാധിച്ചു" എന്നും വാക്യം 21 പറയുന്നു. ഇത് വളരെ അർഥവത്താണ്, താൻ ഒരു പരദേശിയാണെന്നും ഭൂമിയിലെ ഒരു സഞ്ചാരിയാണെന്നും യാക്കോബ് ഏറ്റുപറയുന്നു (വാ. 13). നാം സ്ഥിരതാമസമാക്കുമ്പോൾ, നമ്മുടെ കയ്യിൽ ഒരു വടി കരുതേണ്ട ആവശ്യമില്ല, കാരണം അത് ഒരു താമസക്കാരന്റെയല്ല, ഒരു പരദേശിയുടെ അടയാളമാണ്. യാക്കോബിന്റെ വടി ജീവിതകാലം മുഴുവൻ അവനെ മേയിച്ചിട്ടുള്ള ദൈവം തന്റെ ഇടയനാണെന്നും സൂചിപ്പിക്കുന്നു (ഉല്പ. 48:15). ഇക്കാരണത്താലാണ് തന്റെ വടിയുടെ അറ്റത്ത് ചാരിക്കൊണ്ടുള്ള അവന്റെ ആരാധന വിശ്വാസത്തിന്റെ ഒരു കാര്യമായി ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്.

## IX. യോസേഫിൽ

വാക്യം 22 പറയുന്നു, "വിശ്വാസത്താൽ യോസേഫ്, തന്റെ അവസാനം അടുക്കുമ്പോൾ, യിസ്രായേൽപുത്രന്മാരുടെ പുറപ്പാടിനെക്കുറിച്ച് പരാമർശിക്കുകയും തന്റെ അസ്ഥികളെക്കുറിച്ച് ആജ്ഞ നൽകുകയും ചെയ്തു." യിസ്രായേൽ പുത്രന്മാരുടെ വരാനിരിക്കുന്ന പുറപ്പാട് യോസേഫ് ഓർക്കുകയും, തന്റെ അസ്ഥികൾ മിസ്രയീമിൽനിന്നും കനാനിലേക്ക് കൊണ്ടുപോകുവാൻ അവരോട് ആജ്ഞാപിക്കുകയും ചെയ്തു. ഇതിന് വലിയ വിശ്വാസം ആവശ്യമായിരുന്നു. യിസ്രായേല്യർ കനാനിലേക്ക് പ്രവേശിച്ചപ്പോൾ അവർ യോസേഫിന്റെ അസ്ഥികൾ നല്ലദേശത്തേക്ക് കൊണ്ടുപോയി (പുറ. 13:19).

## X. മോശെയിൽ

വാക്യം 23 പറയുന്നു, "വിശ്വാസത്താൽ മോശെ, താൻ ജനിച്ചപ്പോൾ, അവന്റെ മാതാപിതാക്കൾ ശിശു മനോഹരൻ എന്ന് കാണുകയും രാജാവിന്റെ ആജ്ഞ ഭയപ്പെടാതെയും ഇരുന്നതുകൊണ്ട്, അവനെ മൂന്നു മാസം മറച്ചുവച്ചു." അവന്റെ മാതാപിതാക്കൾ വിശ്വാസത്താൽ അവനെ മറച്ചുവച്ചു. അവൻ "വളർന്നപ്പോൾ" അവൻ "ഫറവോന്റെ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടുന്നത് നിരസിച്ചു, പാപത്തിന്റെ താൽക്കാലിക ആസ്വാദനം ഉണ്ടായിരിക്കുന്നതിനെക്കാൾ ദൈവജനത്തോടുകൂടെ ദ്രോഹം സഹിക്കുന്നത് തിരഞ്ഞെടുത്തു" (വാ. 24-25). വാക്യം 25-ൽ "താൽക്കാലികം" എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്ന യവനപദത്തെ "അല്പസമയത്തേക്ക്", "അൽപായുസ്സുള്ള," "ക്ഷണികമായ," "നീങ്ങിപ്പോകുന്നത്" എന്നിങ്ങനെയും വിവർത്തനം ചെയ്യാം. മോശയുടെ കാലത്ത്, ഫറവോന്റെ മകളുടെ മകൻ എന്നു വിളിക്കപ്പെടുന്നത് ദേഹിജീവന് ഒരു ആസ്വാദനമായിരുന്നു. എന്നാൽ മോശെ ഇത് നിരസിക്കുകയും, പാപത്തിന്റെ ക്ഷണികമായ ആസ്വാദനം ഉണ്ടായിരിക്കുന്നതിനെക്കാൾ ദൈവജനത്തോടുകൂടെ ദ്രോഹം സഹിക്കുന്നത് തിരഞ്ഞെടുക്കുകയും ചെയ്തു. മിസ്രയീമിലെ ആസ്വാദനം, അതായത് ലോകത്തിലെ ആസ്വാദനം ദൈവത്തിന്റെ ദൃഷ്ടിയിൽ പാപകരമാണ്. ഇത് പാപത്തിന്റെയും, പാപകരമായ ഒരു ജീവിതത്തിന്റെയും ആസ്വാദനവും, താൽക്കാലികവും, അല്പസമയത്തേക്കുള്ളതും, ക്ഷണികവും, നീങ്ങിപ്പോകുന്നതുമാണ്.

വാക്യം 26-ൽ "മിസ്രയീമ്യ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നു കരുതി; പ്രതിഫലത്തിലേക്കത്രേ അവൻ നോക്കിയത്." എന്ന് മോശെക്കുറിച്ച് നമ്മോടു പറഞ്ഞിരിക്കുന്നു. ഞാൻ ചെറുപ്പമായിരുന്നപ്പോൾ, എന്റെ

ഘടികാര മനോഭാവത്താൽ അസ്വസ്ഥനായിട്ട്, ക്രിസ്തു ഇതുവരെ വന്നിട്ടില്ലാതിരിക്കെ, മോശെയ്ക്ക് എങ്ങനെ ക്രിസ്തുവിന്റെ നിന്ദ അനുഭവിക്കുവാൻ കഴിയുമായിരുന്നു എന്ന് ഞാൻ ചോദ്യംചെയ്യു. "യഹോവയുടെ ദൂതൻ" എന്ന നിലയിൽ ക്രിസ്തു എപ്പോഴും യിസ്രായേൽമക്കളോടുകൂടെ അവരുടെ കഷ്ടങ്ങളിൽ ഉണ്ടായിരുന്നു (പുറ. 3:2, 7-9; 14:19; സംഖ്യ. 20:16; യെശ. 63:9). കൂടാതെ, തിരുവെഴുത്ത് അവനെ അവരുമായി ഏകീഭവിപ്പിക്കുന്നു (ഹോശെ. 11:1; മത്താ. 2:15). ഇക്കാരണത്താൽ, അവരുടെമേൽ വീഴുന്ന നിന്ദയെ അവന്റെ നിന്ദയായി കണക്കാക്കുകയും, ദൈവത്തെ നിന്ദിച്ചവരുടെ നിന്ദകൾ അവന്റെമേൽ വീഴുകയും ചെയ്യു (റോമ. 15:3). തന്റെ അനുയായികൾ എന്ന നിലയിൽ പുതിയനിയമ വിശ്വാസികൾ അവന്റെ നിന്ദ സഹിക്കുകയും (13:13) അവന്റെ നാമത്തിനുവേണ്ടി നിന്ദിക്കപ്പെടുകയും ചെയ്യുന്നു (1 പത്രൊ. 4:14). ദൈവജനത്തോടുകൂടെ ദ്രോഹം സഹിക്കുവാൻ തിരഞ്ഞെടുത്ത മോശെ (വാ. 25), അവൻ പ്രതിഫലത്തിലേക്കു നോക്കിയതുകൊണ്ട്, ഇത്തരത്തിലുള്ള നിന്ദയെ, ദൈവത്തിന്റെ ക്രിസ്തുവിന്റെ നിന്ദയെ, ഫറവോന്റെ കൊട്ടാരത്തിലെ മിസ്രയീമ്യ നിക്ഷേപങ്ങളേക്കാൾ വലിയ ധനമെന്ന് കരുതി.

ക്രിസ്തുവിന്റെ നിന്ദ സഹിക്കുവാൻ മോശെ മനസ്സുള്ളവനായിരുന്നതുകൊണ്ട് അവൻ രാജ്യത്തിന്റെ പ്രതിഫലം സ്വീകരിക്കും (എബ്രാ. 11:26). മെരീബയിലെ പരാജയം നിമിത്തം നല്ലദേശത്തിലേക്കു പ്രവേശിക്കാൻ അവനെ അനുവദിച്ചില്ലെങ്കിലും (സംഖ്യ. 20:12-13; ആവ. 3:26-27; 32:50-52), രാജ്യത്തിൽ അവൻ ക്രിസ്തുവിനോടുകൂടെ ഉണ്ടായിരിക്കും (മത്താ. 16:28-17:3). ഇത് പരാമർശിക്കുന്നതിലൂടെ, ക്രിസ്തു നിമിത്തം ഉപദ്രവം സഹിക്കുന്നവരായ എബ്രായ വിശ്വാസികളെ, അവർക്കു നഷ്ടപ്പെട്ട കാര്യങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദയെ വലിയ ധനമായി എണ്ണിക്കൊണ്ടും പ്രതിഫലത്തിലേക്കു നോക്കിക്കൊണ്ടും മോശെയെ അനുഗമിക്കുന്നതിന് പ്രോത്സാഹിപ്പിക്കുവാൻ എഴുത്തുകാരൻ തീർച്ചയായും ഉദ്ദേശിച്ചിരുന്നു. പ്രതിഫലത്തെക്കുറിച്ച് മോശയോട് ആരു പറഞ്ഞുവെന്ന് നമുക്കറിയില്ല. ഒരുപക്ഷേ അത് അവന്റെ മാതാപിതാക്കളായിരിക്കാം. എന്തായിരുന്നാലും, വലിയ വിശ്വാസമുണ്ടായിട്ട് അവൻ പ്രതിഫലത്തിലേക്ക് നോക്കുകയും മിസ്രയീം വിട്ടോടുകയും ചെയ്യു. ഫറവോന്റെ കൊട്ടാരവും, രാജകീയ പുത്രത്വവും, ലൗകിക ആസ്വാദനവും നേട്ടവും, മിസ്രയീമിലെ സകല കാര്യങ്ങളും അവന്റെ മുമ്പിലുണ്ടായിരുന്നു. അവന്റെ കാഴ്ചയനുസരിച്ച്, ഈ കാര്യങ്ങൾ യഥാർഥമായിരുന്നുവെങ്കിലും, അവന്റെ വിശ്വാസമനുസരിച്ച്, അവ യഥാർഥമായിരുന്നില്ല. അതിനെക്കാൾ മറ്റൊന്ന്—പ്രതിഫലം—അവന്റെ സാരാംശീകരിക്കുന്ന ഇന്ദ്രിയത്തിന് യഥാർഥമായിരുന്നു. ആ സമയത്ത് പ്രതിഫലം അവനിൽനിന്നും വളരെ

അകലെയായിരുന്നെങ്കിലും, അവൻ അതിലേക്ക് നോക്കുകയും മിസ്രയീമിലെ സകലവും ഉപേക്ഷിക്കുവാൻ അതിനാൽ പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്തു.

വിശ്വാസത്താൽ മോശെ "അദൃശ്യനായവനെ കാണുന്നവനെപ്പോലെ സ്ഥിരതപൂണ്ട്, രാജാവിന്റെ ക്രോധം ഭയപ്പെടാതെ മിസ്രയീം വിട്ടു" എന്ന് വാക്യം 27 പറയുന്നു. അക്കാലത്ത്, ഇതൊരു വലിയ കാര്യമായിരുന്നു. ആ വലിയ പ്രതിഫലം മിസ്രയീം വിട്ടോടുന്നതിൽ അവന് അത്രമാത്രം ഒരു ഉത്തേജനമായിരുന്നു. ഇത് ഇന്നത്തെ നമ്മുടെ ജീവിതത്തിന്റെ ഒരു പൂർണ ഛായാചിത്രമാണ്. ഇന്ന് ലോകം മിസ്രയീമും, അതിന് നമുക്കു നല്കുവാൻ കഴിയുന്നത് ഒരു കൊട്ടാരവുമാണ്. എന്നാൽ നമ്മുടെ വിശ്വാസത്തെ സംബന്ധിച്ചിടത്തോളം, ഇതെല്ലാം മായകളുടെ മായയാണ്. ഒരു കാര്യം മാത്രമാണ് യാഥാർഥ്യങ്ങളുടെ യാഥാർഥ്യം—വരുവാനുള്ള പ്രതിഫലം.

വാക്യം 28 പറയുന്നു, "വിശ്വാസത്താൽ അവൻ, ആദ്യജാതന്മാരെ സംഹരിക്കുന്നവൻ അവരെ തൊടാതിരിക്കേണ്ടതിന്, പെസഹയും രക്തം ഒഴുക്കുന്നതും സ്ഥാപിച്ചു." പെസഹയും രക്തം ഒഴുക്കുന്നതും സ്ഥാപിക്കുവാൻ മോശെക്ക് വിശ്വാസം ആവശ്യമായിരുന്നു. ആട്ടിൻകുട്ടിയെ തയ്യാറാക്കി വാതിലിന്റെ കട്ടളക്കാലുകളിലും കുറുമ്പടികളിലും രക്തം തളിക്കുവാൻ ജനത്തോടു പറയുവാനും മോശെക്ക് വിശ്വാസം ആവശ്യമായിരുന്നു. പെസഹാ ആചരിക്കുന്നതിലും രക്തം തളിക്കുന്നതിലും ദൈവം മോശെയുടെ വിശ്വാസത്തെ ആദരിച്ചു. വരാനിരുന്ന പെസഹയെ കാണാതെ, മോശെ അത് വിശ്വാസത്താൽ സാരാംശീകരിക്കുകയും ആ സാരാംശീകരണത്തിനൊത്തവണ്ണം പ്രവർത്തിക്കുകയും ചെയ്തു.

## XI. യിസ്രായേൽപുത്രന്മാരിൽ

വാക്യം 29 പറയുന്നു, യിസ്രായേൽപുത്രന്മാർ "വിശ്വാസത്താൽ അവർ, ഉണങ്ങിയ നിലത്തിലൂടെ എന്നപോലെ ചെങ്കടലിലൂടെ കടന്നുപോയി, അത് മിസ്രയീമ്യർ ശ്രമിക്കവേ, അതിൽ വിഴുങ്ങപ്പെട്ടുപോയി." യിസ്രായേൽമക്കൾ നാൽപതു വർഷം മരുഭൂമിയിൽ അലഞ്ഞുനടന്ന കാര്യത്തെക്കുറിച്ചൊന്നുംതന്നെ ഈ അധ്യായത്തിൽ പരാമർശിച്ചിട്ടില്ല, കാരണം ആ സമയങ്ങളിൽ അവർ യാതൊന്നും വിശ്വാസത്താൽ ചെയ്തില്ല; ആ വർഷങ്ങളിൽ അവരുടെ അവിശ്വാസത്താൽ അവർ ദൈവത്തെ പ്രകോപിപ്പിച്ചതേയുള്ളൂ (3:16-18). അവർ യോർദ്ദാൻനദി മുറിച്ചുകടന്നത് അവരുടെ അവിശ്വാസത്താൽ ഉളവായ കാലതാമസം നിമിത്തമായിരുന്നതുകൊണ്ട്, അതുപോലും ഇവിടെ രേഖപ്പെടുത്തിയിട്ടില്ല. അവർ സീനായ് പർവതം വിട്ടതിന് അല്പകാലത്തിനുശേഷം (ആവ. 1:2)

കാദേശ്-ബർന്നേയയിൽവച്ച് നല്ലദേശത്ത് പ്രവേശിക്കുന്നതിൽ നിന്നും അവരെ അപ്രാപ്തരാക്കിയ അവിശ്വാസം അവർക്കില്ലായിരുന്നു വെങ്കിൽ അതിന്റെ ആവശ്യം ഉണ്ടാകുമായിരുന്നില്ല (ആവ. 1:19-46). കാദേശ്-ബർന്നേയയിൽവച്ച് അവർക്ക് വിശ്വാസമുണ്ടായിരു ന്നെങ്കിൽ, അവർ നല്ലദേശത്തിൽ പ്രവേശിച്ചതിനെക്കാൾ മുപ്പത്തെട്ടു വർഷം മുമ്പ് അവർക്ക് പ്രവേശിക്കുവാൻ കഴിയുമായിരുന്നു. ഒടുവിൽ അവർ വിശ്വാസത്താൽ യോർദ്ദാൻ നദി കടന്നെങ്കിലും, ദൈവത്തിന്റെ ദൃഷ്ടിയിൽ അത് പ്രസാദകരമല്ലാതിരുന്നതുകൊണ്ട് ഇവിടെ അതിനെക്കുറിച്ച് പരിശുദ്ധാത്മാവ് ഒന്നും രേഖപ്പെടുത്തിയില്ല.

മരുഭൂമിയിൽ അലഞ്ഞുതിരിഞ്ഞ വർഷങ്ങളെ സംബന്ധിച്ച് വാക്യം 30 പറയുന്നു, "വിശ്വാസത്താൽ, ഏഴുനാൾ വലയം വച്ചശേഷം യെരീഹോ മതിലുകൾ വീണുപോയി." യെരീഹോ മതിലുകളെ വലയംവച്ചപ്പോൾ യിസ്രായേല്യർക്ക് മികച്ച ആയുധങ്ങൾ ഉണ്ടായിരുന്നില്ല. ദൈവം അവരോട് ചെയ്യുവാൻ പറഞ്ഞത് വിശ്വാസത്താൽ ചെയ്തതുകൊണ്ട്, ദൈവം അവരുടെ വിശ്വാസത്തെ മാനിച്ചു.

## XII. ചാരന്മാരെ സ്വീകരിക്കുകയും നശിക്കാതിരിക്കുകയും ചെയ്ത രാഹാബിൽ

"വിശ്വാസത്താൽ, രാഹാബ് എന്ന വേശ്യയും ചാരന്മാരെ സമാധാനത്തോടെ കൈക്കൊണ്ടതിനാൽ, അനുസരണം കെട്ടവരോടുകൂടെ നശിച്ചില്ല." (വാ. 31). ഞാൻ ചെറുപ്പമാ യിരുന്നപ്പോൾ, ഈ സംഭവം സുവിശേഷ പ്രസംഗത്തിൽ ഉപയോഗിക്കുവാൻ ഞാൻ ഇഷ്ടപ്പെട്ടിരുന്നു. യേശുവിന്റെ ഒഴുകുന്ന രക്തത്തെ സൂചിപ്പിക്കുന്ന ഒരു ചുവപ്പു ചരട് രാഹാബ് താഴേക്കിട്ടിരുന്നു (യോശു. 2:18; 6:23). കനാന്യർ അനുഭവിച്ച നാശത്തിൽനിന്നും വിശ്വാസത്താൽ അവൾ രക്ഷപ്പെട്ടു.

## XIII. ആശ്ചര്യകരമായ നിരവധി കാര്യങ്ങൾ ചെയ്ത ഗിദ്യോൻ, ബാരാക്, ശിംശോൻ, യിഫ്താഹ്, ദാവീദ്, ശമൂവേൽ, എന്നിവരിലും പ്രവാചകന്മാരിലും

വിശ്വാസത്താൽ ഗിദ്യോനും, ബാരാക്കും, ശിംശോനും, യിഫ്താഹും, ദാവീദും, ശമൂവേലും, പ്രവാചകന്മാരും നിരവധി ആശ്ചര്യകരമായ കാര്യങ്ങൾ ചെയ്തു (വാ. 32-39). അവർ ആശ്ചര്യകരമായ കാര്യങ്ങൾ ചെയ്തുവെങ്കിലും, അവരിൽ അനേകരും രക്തസാക്ഷിത്വവും വരിച്ചു. അവരിൽ ചിലർക്കുവേണ്ടി ദൈവം അത്ഭുതങ്ങൾ പ്രവർത്തിച്ചുവെ ങ്കിലും, അവർക്കെല്ലാവർക്കും അവൻ അങ്ങനെ ചെയ്തില്ല. നിങ്ങൾക്ക് വിശ്വാസമുണ്ടെങ്കിൽ ദൈവം എപ്പോഴും നിങ്ങൾക്കുവണ്ടി ചിലതു ചെയ്യുമെന്ന് ചിന്തിക്കരുത്. പലപ്പോഴും നമ്മുടെ വിശ്വാസത്തിന്റെ പ്രയോഗം ദൈവത്തിന്റെ നിശബ്ദതയുടെ ആസ്വാദനം മാത്രമേ

നമുക്ക് കൊണ്ടുവരുകയുള്ളൂ. ചിലരെ കല്ലെറിഞ്ഞുകൊല്ലുമ്പോൾ, "കർത്താവേ, ഈ കല്ലുകളിൽനിന്നും എന്നെ രക്ഷിക്കണമേ" എന്ന് ഒരുപക്ഷേ അവർ പ്രാർഥിച്ചിരിക്കാം. പകരമായി ദൈവം അവരെ രക്ഷിക്കുവാൻ യാതൊന്നും ചെയ്യാതെ, കർത്താവ് അവർക്ക് സമാധാനപരമായ ഒരു നിശബ്ദത നൽകിയിരിക്കാം. സ്തെഫാനൊസ് രക്തസാക്ഷിത്വം വരിക്കുമ്പോൾ, കർത്താവ് അവനെ രക്ഷിച്ചില്ല, മറിച്ച് അവന് അങ്ങനെയുള്ള ഒരു മധുര നിശബ്ദത നൽകിയതേയുള്ളൂ (പ്രവൃ. 7:54-60). കർത്താവിൽനിന്ന് യാതൊരു മോചിപ്പിക്കലും വരാതെ പീഡനം സഹിക്കുന്നതിന് വലിയ വിശ്വാസം ആവശ്യമാണ്.

ദൈവത്തിന്റെ നിശബ്ദത അവന്റെ അത്ഭുതങ്ങളെക്കാൾ വലുതാണ്. എന്തുണ്ടായിരിക്കണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്—ദൈവത്തിന്റെ അത്ഭുതങ്ങളോ അവന്റെ നിശബ്ദതയോ? നാം സത്യസന്ധരാണെങ്കിൽ, ദൈവത്തിന്റെ അത്ഭുതങ്ങളെയാണ് ഞങ്ങൾ ഇഷ്ടപ്പെടുന്നതെന്ന് നമ്മിൽ മിക്കവരും പറയും. കർത്താവായ യേശു ക്രൂശിൽ തറയ്ക്കപ്പെട്ടപ്പോൾ പരിഹാസികൾ അവനോട്, " നീ ദൈവപുത്രനാകുന്നു എങ്കിൽ ക്രൂശിൽനിന്ന് ഇറങ്ങിവരുക!" എന്നും "അവൻ യിസ്രായേലിന്റെ രാജാവാകുന്നു: ക്രൂശിൽനിന്ന് അവൻ ഇപ്പോൾ ഇറങ്ങിവരട്ടെ, ഞങ്ങൾ അവന്മേൽ വിശ്വസിക്കാം." എന്നും പറഞ്ഞു (മത്താ. 27:40, 42). കർത്താവ് ക്രൂശിലായിരുന്ന ആറു മണിക്കൂറിൽ കുറഞ്ഞപക്ഷം മൂന്നു മണിക്കൂറെങ്കിലും പ്രപഞ്ചത്തിൽ നിശബ്ദത ഉണ്ടായിരുന്നു. ദൈവം ഇല്ല എന്ന് തോന്നുമാറ്, പരിഹാസികളും ദൈവദൂഷകരും അവർ ആഗ്രഹിച്ചതെല്ലാം പറഞ്ഞു. അത് അവരുടെ ലോകവും, ആ സമയത്ത് അവർ ദൈവങ്ങളുമായിരുന്നു. ദൈവം അത്ഭുതങ്ങൾ ചെയ്യുന്നതിനെക്കാളധികം നിശബ്ദത പാലിക്കും. ചില സമയങ്ങളിൽ വിശ്വാസത്താൽ നാമെല്ലാവരും ദൈവത്തിന്റെ നിശബ്ദത ആസ്വദിക്കണം.

വിശ്വാസത്താൽ ദൈവത്തിന്റെ നിശബ്ദത തങ്ങൾ ആസ്വദിച്ചു എന്ന് നിരവധി രക്തസാക്ഷികൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 1930-കളിൽ ചൈനയിൽ രണ്ടു മിഷനറിമാർ രക്തസാക്ഷികളായത് എനിക്ക് ഒരിക്കലും മറക്കാനാവില്ല. അവരുടെ രക്തസാക്ഷിത്വം നടന്ന ദിനത്തിൽ, അവരിൽ ഒരാൾ പറഞ്ഞു, "ഓരോ രക്തസാക്ഷിയുടെയും മുഖം ഒരു മാലാഖയുടെ മുഖം പോലെയാണ്." മറ്റൊരാൾ പറഞ്ഞു, "എനിക്ക് ജീവിക്കാൻ മറ്റൊരു ജീവൻ ഉണ്ടായിരുന്നെങ്കിൽ, കർത്താവിനുവേണ്ടി രക്തസാക്ഷിയാകുവാൻ അതും ഞാൻ നൽകുമായിരുന്നു." അവരെ രക്ഷിക്കാൻ യാതൊന്നും ചെയ്യാതെ, ചൈനയിൽ രക്തസാക്ഷികളാകുവാൻ ദൈവം അവരെ അനുവദിച്ചു. വിശ്വാസത്താൽ അവർ ദൈവത്തിന്റെ നിശബ്ദത ആസ്വദിച്ചു. ഈ അധ്യായത്തിൽ

രേഖപ്പെടുത്തിയിരിക്കുന്ന വിശ്വാസത്തിന്റെ ചരിത്രം നാം വായിക്കുമ്പോൾ, അത് അത്ഭുതങ്ങളുടെ ഒരു വിവരണം മാത്രമല്ല, ദൈവത്തിന്റെ നിശബ്ദതയുടെ ഒരു വിവരണവുമാണെന്ന് നാം കാണുന്നു. തന്റെ വിശുദ്ധന്മാരെ ബാഹ്യമായി സഹായിക്കുവാൻ ദൈവം എപ്പോഴും പ്രവർത്തിച്ചില്ലെങ്കിലും, അവന്റെ നിശബ്ദതയെ ആന്തരികമായി ആസ്വദിക്കുവാൻ പലപ്പോഴും അവരെ പ്രാപ്തരാക്കി.

വാക്യം 35 പറയുന്നു, "മറ്റുള്ളവർ മേന്മയേറിയ പുനരുത്ഥാനം പ്രാപിക്കേണ്ടതിന് മോചനം കൈക്കൊള്ളാതെ പീഡയേറ്റു മരിച്ചു." മേന്മയേറിയ പുനരുത്ഥാനം "ജീവന്റെ പുനരുത്ഥാനം" (യോഹ. 5:28-29) എന്ന "ഒന്നാം പുനരുത്ഥാനം" (വെളി. 20:4-6) മാത്രമല്ല, സവിശേഷ പുനരുത്ഥാനമായ "വിശേഷ പുനരുത്ഥാനം" (ഫിലി. 3:11), കർത്താവിന്റെ ജയാളികൾ രാജ്യമെന്ന പ്രതിഫലം സ്വീകരിക്കുന്നതും (വാ. 26) അപ്പൊസ്തലനായ പൗലൊസ് അന്വേഷിച്ചതുമായ പുനരുത്ഥാനം ആണ്. വിശ്വാസത്താൽ അങ്ങനെയുള്ള കഷ്ടം സഹിച്ചവരെക്കുറിച്ചു പറയുന്ന വാക്യം 38 ലോകം അവർക്ക് യോഗ്യമായിരുന്നില്ല എന്നു പറയുന്നു. ഈ വിശ്വാസജനം ഒരു സവിശേഷ ജനമാണ്, ഏറ്റവും ഉയർന്ന നിലവാരമുള്ളവരാണ്, മലിനപ്പെട്ട ലോകം അവർക്ക് യോഗ്യമായിരുന്നില്ല. പുതിയ യെരൂശലേം എന്ന ദൈവത്തിന്റെ വിശുദ്ധനഗരം മാത്രമേ അവർക്ക് യോഗ്യമായിരുന്നുള്ളൂ.

## XIV. പുതിയ ഉടമ്പടിയുടെ വിശ്വാസികളാൽ തികഞ്ഞവരാക്കപ്പെടുന്നു

### A. ദൈവത്തിന്റെ വ്യവസ്ഥയുടെ രണ്ട് യുഗങ്ങൾ

വാക്യം 40 പറയുന്നു, "അവർ നമ്മെക്കൂടാതെ തികഞ്ഞവരാകാതിരിക്കേണ്ടതിന് ദൈവം നമുക്ക് മേന്മയേറിയ ഒന്ന് കരുതിയിരിക്കുന്നു." ഈ വാക്യത്തിൽ വളരെയധികം കാര്യങ്ങൾ അടങ്ങിയിരിക്കുന്നു. വിശ്വാസത്തിന്റെ സാക്ഷികളാരും ഒരിക്കലും തികഞ്ഞവരാക്കപ്പെട്ടിരുന്നില്ല. അവരെല്ലാവരും പുതിയ ഉടമ്പടിയുടെ വിശ്വാസികളാൽ തികഞ്ഞവരാക്കപ്പെടേണ്ടത് ആവശ്യമാകുന്നു. ദൈവത്തിന്റെ വ്യവസ്ഥയിൽ രണ്ട് യുഗങ്ങളുണ്ട്: നിഴലുകളുടെ പഴയ ഉടമ്പടിയുടെ യുഗവും യാഥാർഥ്യങ്ങളുടെ പുതിയ ഉടമ്പടിയുടെ യുഗവും. എല്ലാ രക്തസാക്ഷികളും വിശ്വാസത്തിന്റെ സാക്ഷികളും നിഴലുകളുടെ പഴയ ഉടമ്പടിയിൻ കീഴിലായിരുന്നു; അവർ യാഥാർഥ്യത്തിൽ ആയിരുന്നില്ല. നാം ആയിരിക്കുന്ന യാഥാർഥ്യത്തിന്റെ പുതിയ ഉടമ്പടിയുടെ യുഗം, വിശ്വാസത്തിന്റെ സാക്ഷികൾ ഉണ്ടായിരുന്ന നിഴലുകളുടെ പഴയ ഉടമ്പടിയുടെ യുഗത്തേക്കാൾ മേന്മയേറിയതായതിനാൽ, അവരുടെ തികവിനുവേണ്ടി അവർക്ക് നമ്മെ ആവശ്യമാണ്.

"നമുക്ക് മേന്മയേറിയ ഒന്ന് കരുതിയിരിക്കുന്നു" എന്ന് വാക്യം 40 പറയുന്നു. "മേന്മയേറിയത്" എന്ന് വിവർത്തനം ചെയ്തിരിക്കുന്ന യവനപദം അർഥമാക്കുന്നത് ബലമുള്ളത്, അധികം ശക്തിയുള്ളത്, കുലീനമായത്, വലിയത് എന്നൊക്കെയാണ്; ഇക്കാരണത്താൽ മേന്മയേറിയത് എന്നർഥമാക്കുന്നു. എബ്രായലേഖനത്തിൽ ഇത് പതിമൂന്നു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു: മേന്മയുള്ളവനായ ക്രിസ്തു (1:4), മേന്മയേറിയ പ്രത്യാശ (7:19), മേന്മയേറിയ ഉടമ്പടി (7:22; 8:6), മേന്മയേറിയ വാഗ്ദത്തങ്ങൾ (8:6), മേന്മയേറിയ യാഗങ്ങൾ (9:23), മേന്മയേറിയ സമ്പത്ത് (10:34), മേന്മയേറിയ ദേശം (11:16), മേന്മയേറിയ പുനരുത്ഥാനം (11:35), മേന്മയേറിയ ഒന്ന് (11:40), മേന്മയേറിയ സംസാരം (12:24). (മറ്റു രണ്ടെണ്ണം 6:9-ലും, 7:7-ലുമാണ്, അത് മേന്മയേറിയ / വലിയവൻ എന്നും വിവർത്തനം ചെയ്തിരിക്കുന്നു.) ഈ മേന്മയേറിയ കാര്യങ്ങളെല്ലാം പഴയനിയമ വിശുദ്ധന്മാർക്ക് മുൻകുറികളിലും പ്രതിരൂപങ്ങളിലും നിഴലുകളിലും ഉണ്ടായിരുന്ന കാര്യങ്ങളുടെ നിവർത്തീകരണവും യാഥാർഥ്യവുമാണ്. ആ സമയത്ത് ദൈവത്തിന്റെ വീക്ഷണത്തിൽ ഉണ്ടായിരുന്നത് നമ്മെ സംബന്ധിച്ച് പുതിയ ഉടമ്പടിയിൽ വരാനിരിക്കുന്ന കാര്യങ്ങളായിരുന്നു, അവ അവയുടെ മുൻകുറികളെയും, പ്രതിരൂപങ്ങളെയും, നിഴലുകളെയുംകാൾ മേന്മയേറിയതും, ബലമുള്ളതും, അധികം ശക്തിയുള്ളതും, കുലീനവും, വലുതുമായ സത്യവും യഥാർഥവുമായ കാര്യങ്ങളാകുന്നു. പുതിയ ഉടമ്പടിയുടെ യഥാർഥ കാര്യങ്ങൾ നമ്മോടൊപ്പം പങ്കിടേണ്ടതിന്, നിഴലുകൾ മാത്രമുണ്ടായിരുന്ന പഴയനിയമ വിശുദ്ധന്മാർക്ക് തങ്ങളുടെ തികവിനുവേണ്ടി നമ്മെ ആവശ്യമാണ്. അങ്ങനെ, എബ്രായ വിശ്വാസികൾ പുതിയ ഉടമ്പടിയുടെ യഥാർഥ കാര്യങ്ങൾ ഉപേക്ഷിച്ച് പഴയ ഉടമ്പടിയുടെ നിഴലിലേക്ക് എന്തിനു മടങ്ങണം?

"അവർ നമ്മെക്കൂടാതെ തികഞ്ഞവരാകാതിരിക്കേണ്ടതിന്" എന്ന് വാക്യം 40 പറയുന്നു. ആയിരം വർഷം രാജ്യത്തിൽ പങ്കെടുക്കുന്നതും (വെളി. 20:4, 6) നിത്യതയോളം പുതിയ യെരൂശലേമിൽ പങ്കിടുന്നതും ഒരു സംഘാത കാര്യമാണ് (വെളി. 21:2-3; 22:1-5). രാജ്യവിരുന്ന് പഴയനിയമത്തിലെയും പുതിയനിയമത്തിലെയും ജയാളികൾക്കു വേണ്ടിയായിരിക്കും (മത്താ. 8:11). അനുഗൃഹീതമായ പുതിയ യെരൂശലേം പഴയനിയമ വിശുദ്ധന്മാരും പുതിയനിയമ വിശ്വാസികളും ചേരുന്നതായിരിക്കും (വെളി. 21:12-14). തന്മൂലം, പുതിയനിയമ വിശ്വാസികളെക്കൂടാതെ പഴയനിയമത്തിലുള്ളവർക്ക് ദൈവം വാഗ്ദത്തം ചെയ്തത് നേടാൻ കഴിയുകയില്ല. ദൈവവാഗ്ദാനത്തിന്റെ നല്ല കാര്യങ്ങൾ നേടുന്നതിനും ആസ്വദിക്കുന്നതിനും, തികഞ്ഞവരാക്കുവാൻ അവർക്ക് പുതിയനിയമ വിശ്വാസികളെ ആവശ്യമാണ്. അവർ തികഞ്ഞവരാക്കപ്പെടേണ്ടതിന് നാം മുമ്പോട്ടു പോകുന്നതിനായി ഇപ്പോൾ അവർ കാത്തിരിക്കുകയാണ്.

## B. പഴയ ഉടമ്പടിയുടെ നിഴലുകളിലുള്ള വിശുദ്ധന്മാർ പുതിയ ഉടമ്പടിയുടെ യാഥാർഥ്യങ്ങൾ കാണുവാൻ പ്രതീക്ഷിക്കുന്നു

പഴയ ഉടമ്പടിയുടെ നിഴലുകളിലുള്ള വിശുദ്ധന്മാർ പുതിയ ഉടമ്പടിയുടെ യാഥാർഥ്യങ്ങൾ കാണുവാൻ പ്രതീക്ഷിച്ചിരുന്നു (മത്താ. 13:16-17; യോഹ. 8:56; 1 പത്രൊ. 1:10-12). പഴയനിയമകാലത്ത് ജീവിക്കുന്നത് വളരെ മനോഹരമായിരിക്കുമെന്ന് കഴിഞ്ഞ കാലങ്ങളിൽ നമ്മിൽ അനേകരും ചിന്തിച്ചിരുന്നു. അബ്രാഹാമും, മോശെയും, യോശുവയും, ദാവീദും, ഏലിയാവും, മറ്റു പഴയനിയമ വിശുദ്ധന്മാരും വിശിഷ്ട വ്യക്തികളായിരുവെന്നും ഇന്നത്തെ കാലത്തെക്കാൾ അവരുടെ കാലത്ത് ജീവിക്കുന്നത് നല്ലതായിരിന്നേനെയെന്നും ഞങ്ങളെ പഠിപ്പിച്ചിരുന്നു. ഞാൻ ചെറുപ്പമായിരുന്നപ്പോൾ, പഴയനിയമകാലത്ത് ജീവിച്ചിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചു. എങ്കിലും, ഈ ധാരണ ഇരുട്ടിലുള്ളതാണ്. നാം മേന്മയേറിയ ഒരു യുഗത്തിലാണ് ജീവിക്കുന്നത്, പഴയ ഉടമ്പടിയുടെ യുഗത്തിലെ കാര്യങ്ങളേക്കാൾ മേന്മയേറിയ കാര്യങ്ങൾ നാം കേൾക്കുകയും, അനുഭവിക്കുകയും, അതിൽ പങ്കെടുക്കുകയും ചെയ്യു. പഴയ ഉടമ്പടിയുടെ നിഴലുകളിലുള്ള വിശുദ്ധന്മാർ നാം ജീവിക്കുന്ന യുഗത്തിന്റെ യാഥാർഥ്യങ്ങൾ കാണുവാൻ ആഗ്രഹിച്ചിരുന്നു. മത്തായി 13:17 പറയുന്നു, "അനേകം പ്രവാചകന്മാരും നീതിമാന്മാരും നിങ്ങൾ കാണുന്ന കാര്യങ്ങൾ കാണുവാൻ ആഗ്രഹിച്ചു, കണ്ടതുമില്ല, നിങ്ങൾ കേൾക്കുന്ന കാര്യങ്ങൾ കേൾക്കുവാൻ ആഗ്രഹിച്ചു, കേട്ടതുമില്ല." അബ്രാഹാം പോലും പുതിയ ഉടമ്പടിയുടെ യാഥാർഥ്യം കാണുവാൻ പ്രതീക്ഷിച്ചിരുന്നു (യോഹ. 8:56). കൂടാതെ, പ്രവാചകന്മാർ നമുക്കു വന്നിരിക്കുന്ന കൃപയെക്കുറിച്ച് പ്രസംഗിച്ചു. അവർ ശുശ്രൂഷിച്ചത് അവർക്കുവേണ്ടിയല്ല, നമുക്കു വേണ്ടിയായിരുന്നു (1 പത്രൊ. 1:10-12). ദാവീദും, ശലോമോനും ഉൾപ്പെടെ പഴയനിയമത്തിലെ എല്ലാ വിശുദ്ധന്മാരും അവർക്കുവേണ്ടിയായിരുന്നില്ല, നമുക്കു വേണ്ടിയായിരുന്നു. അവർക്കുണ്ടായിരുന്നതെല്ലാം ഇന്ന് നാം ആസ്വദിക്കുന്ന യാഥാർഥ്യത്തിന്റെ ഒരു നിഴലായിരുന്നു.

## C. പഴയ ഉടമ്പടിയുടെ നിഴലുകളിലുള്ള വിശുദ്ധന്മാരെക്കാൾ പുതിയ ഉടമ്പടിയുടെ യാഥാർഥ്യങ്ങളിലുള്ള വിശ്വാസികൾ വലിയവരാകുന്നു

പുതിയ ഉടമ്പടിയുടെ യാഥാർഥ്യങ്ങളിലുള്ള വിശ്വാസികൾ പഴയ ഉടമ്പടിയുടെ നിഴലുകളിലുള്ള വിശുദ്ധന്മാരെക്കാൾ വലിയവരാണ്. ഒരു മഹത്തായ വാക്യമായ മത്തായി 11:11 ഇത് തെളിയിക്കുന്നു. "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, സ്ത്രീകളിൽനിന്ന് ജനിച്ചവരുടെ ഇടയിൽ യോഹന്നാൻ സ്നാപകനെക്കാൾ

വലിയവൻ എഴുന്നേറ്റിട്ടില്ല, എങ്കിലും സ്വർഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ അവനെക്കാൾ വലിയവനാകുന്നു." അബ്രാഹാമും, ദാവീദും, ശലോമോനും ഉൾപ്പെടെ തനിക്ക് മുമ്പുണ്ടായിരുന്ന എല്ലാവരെക്കാളും യോഹന്നാൻ സ്നാപകൻ വലിയവനായിരുന്നു. എങ്കിലും, സ്വർഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ യോഹന്നാനെക്കാൾ വലിയവനാണ്. യോഹന്നാൻ സ്നാപകൻ അബ്രാഹാമിനേക്കാൾ വലിയവനും, നാം യോഹന്നാനെക്കാൾ വലിയവരുമായതിനാൽ, നാം അബ്രാഹാമിനെക്കാളും വലിയവരാണ്. പഴയനിയമ യുഗത്തിലെ എല്ലാ വിശുദ്ധന്മാരും പുതിയനിയമ യുഗത്തിന്റെ യാഥാർത്ഥ്യങ്ങൾക്കായി നോക്കിക്കൊണ്ടിരുന്നുവെങ്കിലും, അവരാരും ഈ യാഥാർത്ഥ്യത്തിന്റേതായ യാതൊന്നും കണ്ടില്ല. ഈ രണ്ട് യുഗങ്ങൾക്കിടയിൽ ഏകദേശം മൂന്നര വർഷം നീണ്ടുനിൽക്കുന്ന ഒരു സംക്രമ കാലഘട്ടം ഉണ്ടായിരുന്നു. ഈ സംക്രമ കാലഘട്ടത്തിൽ, യോഹന്നാൻ സ്നാപകൻ വരുകയും, പഴയ നിയമത്തിലെ എല്ലാ വിശുദ്ധന്മാരും കാത്തിരുന്ന ക്രിസ്തുവിനെ കാണുകയും ചെയ്തു യോഹന്നാൻ അവനെ കണ്ടതുകൊണ്ട് അവൻ അവരെല്ലാവരെക്കാളും വലിയവനായിരുന്നു. യോഹന്നാൻ ക്രിസ്തുവിനെ കണ്ടെങ്കിലും അവൻ ക്രിസ്തുവിന്റെ ഉള്ളിലേക്കു കടന്നില്ല. എന്നാൽ പുതിയനിയമ വിശ്വാസികളായ നാം ക്രിസ്തുവിലാണ്. അബ്രാഹാം ക്രിസ്തുവിനെ കാണുവാൻ പ്രതീക്ഷിച്ചു, യോഹന്നാൻ സ്നാപകൻ ക്രിസ്തുവിനെ കണ്ടു, എന്നാൽ നാം ക്രിസ്തുവിലാണ്. അതുകൊണ്ട്, ക്രിസ്തുവിനോട് നാം വളരെ അടുത്തിരിക്കുന്നതിനാൽ, നാം അബ്രാഹാമിനെക്കാളും യോഹന്നാൻ സ്നാപകനെക്കാളും വലിയവരാണ്. നാം ക്രിസ്തുവിനോട് അടുത്തിരിക്കുന്നുവെന്നു മാത്രമല്ല—നാം ക്രിസ്തുവിലും ക്രിസ്തു നമ്മിലും ഉണ്ട്. അപ്പൊസ്തലനായ പൗലൊസിനോടു ചേർന്ന് നമുക്കും പറയാം, "എനിക്ക് ജീവിക്കുന്നത് ക്രിസ്തു ആകുന്നു" (ഫിലി. 1:21). നാം അബ്രാഹാമിനെയും, ദാവീദിനെയും, ശലോമോനെയും, പഴയനിയമത്തിലെ എല്ലാ വിശുദ്ധന്മാരെയുംകാൾ വലിയവരാണ്, കാരണം അവർ നിഴലുകളിലായിരുന്നു. നാം യാഥാർത്ഥ്യത്തിൽ മാത്രമല്ല—നാം തന്നെയാണ് യാഥാർത്ഥ്യം. ഇതുനിമിത്തം, പഴയനിയമ വിശുദ്ധന്മാർക്ക് നമ്മെക്കൂടാതെ തികഞ്ഞവരാക്കപ്പെടുവാൻ കഴിയുകയില്ല. നമ്മെക്കൂടാതെ അവർക്കൊരിക്കലും തങ്ങൾ നോക്കിക്കൊണ്ടിരുന്ന യാഥാർത്ഥ്യത്തിന്റെ ആസ്വാദനത്തിലേക്ക് പ്രവേശിക്കുവാൻ കഴിഞ്ഞിരുന്നില്ല.

നമ്മുടെ സാരാംശീകരിക്കുന്ന വിശ്വാസത്തെ നാം വ്യായാമം ചെയ്യുന്നുവെങ്കിൽ, അബ്രാഹാമും, ദാവീദും, ശലോമോനും, നമുക്കു മുമ്പുണ്ടായിരുന്ന എല്ലാ വിശുദ്ധന്മാരും ഒരു ഫുട്ബോൾ മത്സരത്തിലെ കാണികളെപ്പോലെ നമ്മെ നിരീക്ഷിക്കുകയാണെന്ന് നാം ഗ്രഹിക്കും. മത്സരം ജയിക്കുന്നതിന് അവർ

നമ്മെ ആർപ്പുവിളിച്ച് പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നു. അവരുടെ യാഥാർഥ്യത്തിന്റെ ആസ്വാദനം നമ്മെ ആശ്രയിച്ചിരിക്കുന്നു. "അവർ നമ്മെക്കൂടാതെ തികഞ്ഞവരാകാതിരിക്കേണ്ടതിന്" എന്നു പറയുന്ന വാക്യം 40-ന്റെ ശരിയായ അർഥം ഇതാണ്. വാക്യം 39 ചൂണ്ടിക്കാണിക്കുന്നതുപോലെ, പഴയനിയമ വിശുദ്ധന്മാർ വാഗ്ദത്തനിവൃത്തി പ്രാപിച്ചില്ല, കാരണം "ദൈവം നമുക്ക് മേന്മയേറിയ ഒന്ന് കരുതിയിരിക്കുന്നു." അവരെല്ലാവരും നമുക്കുവേണ്ടി കാത്തിരിക്കുന്നു. അപ്പൊസ്തലനായ പൗലോസും എല്ലാ പുതിയനിയമ രക്തസാക്ഷികളും നമുക്കുവേണ്ടി കാത്തിരിക്കുന്നു. മുൻപറഞ്ഞ ജയാളികളായ അവർ ജയാളികളുടെ പൂർണതയ്ക്കുവേണ്ടി കാത്തിരിക്കുകയാണ്. ജയാളികളുടെ എണ്ണം ഇതുവരെ പൂർത്തിയായിട്ടില്ല. ഒരു ദിവസം ആ സംഖ്യയുടെ പൂർണത എത്തിച്ചേരും. അങ്ങനെ, വാക്യം 40 ചഞ്ചലിക്കുന്ന എല്ലാ എബ്രായ വിശ്വാസികൾക്കും മുന്നോട്ടുവരാനും ജയാളികളുടെ എണ്ണത്തിലെ വിടവ് നികത്താനുമുള്ള വളരെ ശക്തമായ ഒരു പ്രോത്സാഹനമായിരുന്നു.

തന്റെ വ്യവസ്ഥയിൽ, ഒരു വ്യക്തിഗത ആവിഷ്കാരം ഉണ്ടായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നില്ല. ഒരു സംഘാത ആവിഷ്കാരം ഉണ്ടായിരിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. ഈ ആവിഷ്കാരത്തിന് ജയാളികളുടെ ഒരു പൂർണ സംഖ്യ. ആവശ്യമാണ്. ആ എണ്ണം എത്രയെന്ന് ദൈവം മാത്രമേ അറിയുന്നുള്ളൂ. അത് തികയാതിരിക്കുന്നിടത്തോളം, ആ സമയത്തിന് വരുവാൻ കഴിയുകയില്ല, മുൻപറഞ്ഞ ജയാളികൾ അപ്പോഴും നമുക്കുവേണ്ടി കാത്തിരിക്കേണ്ടി വരും. എന്തോരു ഉത്തരവാദിത്തമാണ് നമുക്കുള്ളത്! അവർ തയ്യാറാണ്, പക്ഷേ നാം അല്ല. നാം വാസ്തവത്തിൽ അവസാന നാളുകളിലാണ്. നാം യോഹന്നാൻ സ്നാപകനെക്കാൾ വലിയവരാണെന്നു മാത്രമല്ല, ആദ്യ നൂറ്റാണ്ടുകളിലെ എല്ലാ രക്തസാക്ഷികളെക്കാളും നാം ഏറെക്കുറെ വലിയവരാണ്, കാരണം നാം അവരെക്കാൾ കൂടുതൽ പ്രാധാന്യമുള്ളവരാണ്. അവർ അനുഭവിച്ചതിനെക്കാൾ കൂടുതൽ നമുക്കനുഭവിക്കുവാൻ കഴിയും, കാരണം അവർ ആരംഭത്തിലുള്ളവരും നാം ഇവിടെ പരിണതിയിലുള്ളവരുമാണ്. പരിണതി എപ്പോഴും ആരംഭത്തെക്കാൾ സമ്പന്നവും, വലുതും, ഉയർന്നതുമാണ്. നാം ഇന്ന് കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ആയിരിക്കുന്നത് ഒരു ചെറിയ കാര്യമല്ല. നാം ജീവിക്കുന്നത് ദൈവത്തിന്റെ വ്യവസ്ഥയുടെ പരിണത കാലത്താണ്, മുൻപറഞ്ഞ അനേകം ജയാളികൾ നമ്മുടെ പൂർത്തീകരണം കാണുവാൻ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. പ്രപഞ്ചത്തിലെ ഏറ്റവും അനുഗൃഹീതരായ ജനം തീർച്ചയായും നാം ആണ്, കാരണം ദൈവത്തിന്റെ നിത്യോദ്ദേശ്യത്തിന്റെ പൂർത്തീകരണത്തിൽ പങ്കുചേരാനുള്ള സുവർണ്ണാവസരം നമുക്കുണ്ട്.